I/103732/2023

**“ഭരണഭാഷ-മാതൃഭാഷ”**

നമ്പർ: KTDS/604/2023-C

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 02-09-2023

**ക്വട്ടേഷൻ നോട്ടീസ് നമ്പർ: 02/2023-24**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് - 17 ലേക്ക് 2023 സെപ്റ്റംബർ 12 മുതൽ 26 വരെ 15 ദിവസങ്ങളിലായി തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചാത്തൻകോട് സങ്കേതത്തിൽ വെച്ച് നടത്തുന്ന കാണിക്കാർ സമുദായത്തിന്റെ പാരമ്പര്യ കലകളുടെ ശിൽപ്പശാലയിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം, വൈകുന്നേരം ചായ, രാത്രി ഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. 2023 സെപ്റ്റംബർ 12 മുതൽ 26 വരെ 15 ദിവസങ്ങളിലായി തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചാത്തൻകോട് സങ്കേതത്തിൽ വെച്ച് നടത്തുന്ന കാണിക്കാർ സമുദായത്തിന്റെ പാരമ്പര്യ കലകളുടെ ശിൽപ്പശാലയിൽ പങ്കെടുക്കുന്ന 22 ആളുകൾക്ക് ഉച്ച ഭക്ഷണം, വൈകുന്നേരം ചായ, രാത്രി ഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനാണ് ഈ ക്വട്ടേഷൻ ക്ഷണിക്കുന്നത്.

2. ഓരോ ദിവസവും അതതു നേരത്ത് വിതരണം ചെയ്യേണ്ട ഭക്ഷണക്രമം അന്യത്ര കൊടുത്ത പട്ടികയിൽ വിവരിച്ചിട്ടുണ്ട്.

3. ഓരോ പരിപാടികൾക്കും ആവശ്യമായ ഭക്ഷണം ബന്ധപ്പെട്ടവരുടെ നിർദ്ദേശമനുസരിച്ച് സ്വന്തം ചെലവിൽ വിതരണം ചെയ്യേണ്ടതാണ്.

4. ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള എല്ലാവിധ നികുതികളും ചേർത്തുള്ള തുകയാണ് ക്വാട്ട് ചെയ്യേണ്ടത്.

5. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

6. ലൈസൻസിന്റെയും പാൻകാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

I/103732/2023

**7.** ഭക്ഷണം വിതരണം ചെയ്യുന്ന ബില്ലിൽ നിന്നും അതതു സമയത്ത് പ്രാബല്യത്തിലുള്ള ആദായ നികുതി കുറവ് ചെയ്യുന്നതാണ്.

**8.** കേരള സർക്കാറിന്റെ ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

**9.** മുദ്രവെച്ച കവറുകൾ **07/09/2023** ന് വൈകുന്നേരം **05** മണിവരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

**10.** ലഭിച്ച ക്വട്ടേഷനുകൾ **08/09/2023** ന് രാവിലെ **11** മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ താത്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.

Signed by
Sreedhanya Suresh
Date: 02-09-2023 09:59:11

ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, വിതുര ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം. (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്).
2. പ്രൊജക്ട് ഓഫീസർ, ഐ.ടി.ഡി.പി, നെടുമങ്ങാട്. (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്).
3. കിർടാഡ്സ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്.
4. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5. ആഫീസ് പകർപ്പ്
6. കരുതൽ ഫയൽ

ഉച്ചഭക്ഷണം : ചോറ്, സാമ്പാർ, മീൻകറി
രസം, തോരൻ, മീൻ പൊരിച്ചത്
അച്ചാർ.
അല്ലെങ്കിൽ
ബിരിയാണി (ചിക്കൻ/ വെജ്)

വൈകുന്നേരം ചായ/പലഹാരം

രാത്രിഭക്ഷണം : ചോറ്, സാമ്പാർ, മീൻകറി, രസം,
തോരൻ, മീൻ പൊരിച്ചത്
അച്ചാർ
അല്ലെങ്കിൽ
ബിരിയാണി (ചിക്കൻ/ വെജ്)